9-ാം വർഷം
2025
ഏപ്രിൽ 27
പുതുഞായർ

Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS

സരളവൃക്ഷവും സൗഗന്ധികവും മുളയ്ക്കട്ടെ

ഏശ 55:4-13, ശ്ലീഹ 4:32-37, കൊളോ 1:12-20, യോഹ 20:28-35

'സാമർഥ്യമുള്ളവരാലല്ല, കരുണയും സ്നേഹവുമുള്ളവരാലാണ് ലോകം നിലനിൽക്കുന്നത്. അവരാണ് ഭൂമിയിൽ ദൈവരാജ്യം നിർമ്മിക്കുന്നത്.' മഹായുദ്ധങ്ങളുടെ, ഏകാധിപതികളുടെ വാഴ്ചകളുടെയും, വീഴ്ചകളുടെയും നാളുകളിൽ 1940 ൽ പുറത്തിറങ്ങിയ ദി ഗ്രേറ്റ് ഡിക്റ്റേറ്റർ എന്ന സിനിമയിൽ ചാർളി ചാപ്ലിൻ നടത്തുന്ന പ്രഭാഷണത്തിന്റെ പ്രസക്ത ഭാഗമാണിത്. കരുണയും സ്നേഹവും ചേർത്ത് നിർമ്മിച്ച വഴികളിലൂടെ വിഭാഗീയതയുടെ മതിലുകൾ തകർത്ത് ഭൂമിയിലെ ദൈവരാജ്യത്തിന്റെ അബാംസഡറായി പോപ്പ് ഫ്രാൻസിസ് നിലകൊണ്ടു. ആകാശത്തു നിന്നും വരുന്ന മഴയും മഞ്ഞും ഫലരഹിതമായി തിരിച്ചു ചെല്ലാത്തതുപോലെ, ഭൂമിയെ നനച്ച്, ഉദ്ദേശ്യം നിറവേറ്റി ഏൽപിക്കപ്പെട്ടവയെല്ലാം വിജയകരമായി പൂർത്തിയാക്കി(ഏശയ്യാ55:11) പോപ്പ് ഉത്ഥിതനായി. കുരിശിൽ ചിന്തിയ രക്തത്തിന്റെ ബലത്താൽ സർവ്വതും അനുരഞ്ജിപ്പിക്കുന്നതിനും, സമാധാനം സ്ഥാപിക്കുന്നതിനും (കൊളോ 1 :19) പരിശ്രമിച്ച് സഭയെ നയിച്ചു. സഭയാകുന്ന ശരീരത്തിൽ ആരോഗ്യം നിലനിർത്തണമെങ്കിൽ ക്രിസ്തുവാകുന്ന ശിരസ്സിൽ നിന്നുള്ള സംവേദനങ്ങൾ സ്വീകരിക്കണം എന്ന വിചിന്തനം പോപ്പിന്റെ വിയോഗത്തിലെങ്കിലും ആഗോള സഭയ്ക്ക് ഉണ്ടാകേണ്ടതാണ്.

അടയ്ക്കപ്പെട്ട വാതിലുകൾ

രണ്ടു തവണ ശിഷ്യരുടെ മധ്യേ യേശു പ്രത്യക്ഷപ്പെട്ടപ്പോഴും അവർ ഭയത്താൽ വാതിലുകൾ അടച്ചാണ്

ഡോ. റോസമ്മ ഫിലിപ്പ്

ഇരുന്നത്. ഓരോ അത്ഭുതപ്രവൃത്തികളിലും 'ഭയപ്പെടേണ്ടാ" എന്ന് അനേകരോട് പറയുന്നതിന് സാക്ഷികളായവർക്ക് സ്വന്തം കതകുകൾ അടഞ്ഞിരുന്നതിനാൽ അർത്ഥം ഗ്രഹിക്കാൻ കഴിഞ്ഞിരുന്നില്ല. ഭയത്തിന്റെ ആധിക്യത്താൽ തള്ളിപ്പറഞ്ഞ് വാതിലല്ല, വൻമതിൽ തന്നെ പണിതവനാണല്ലോ പത്രോസ്.

നന്മയുടെ സാഹചര്യങ്ങളിലെ ഭയവും, തിന്മയുടെ സാഹചര്യങ്ങളിലെ ഭയമില്ലായ്മയുമാണല്ലോ എല്ലാ സാമൂഹ്യവിപത്തിന്റെയും കാരണം.

അടഞ്ഞ വാതിലുകൾ സുരക്ഷിതമാണെന്ന് അകത്തിരിക്കുന്നവർക്ക് തോന്നാം.

എന്നാൽ പുറത്തുള്ളവർക്ക് ഏതൊരു അടഞ്ഞ വാതിലും അസ്വസ്ഥതയുണ്ടാക്കുന്നുണ്ട്.

തുറക്കേണ്ട വാതിലുകൾ അടയപ്പെടുമ്പോൾ പ്രതിഷേധമുള്ളവർ കൂട്ടങ്ങൾ തീർത്ത് കലാപങ്ങൾ ഉണ്ടാക്കിയേക്കാം. നിരാശിതർ ഒറ്റപ്പെട്ട് താളംതെറ്റി ജീവിതം അവസാനിപ്പിച്ചേക്കാം. സ്വന്തം വാതിലുകൾ തുറക്കുക എന്നതാണ് ശിഷ്യത്വ ദൗത്യത്തിന്റെ ആദ്യപടി. അടച്ചിട്ട മുറിയിലെ നിങ്ങൾക്കു സമാധാനം എന്ന അവന്റെ ആശംസ നൽകുന്ന സൂചനയുണ്ട്. വാതിൽ തുറക്കാനുള്ള ആത്മധൈര്യം സ്വാംശീകരിക്കേണ്ടത് അവന്റെ സാന്നിധ്യത്തിലും, വാതിൽ തുറക്കേണ്ടത് സമാധാനത്തിന്റെ വെളിച്ചത്തിലേക്കും ആയിരിക്കണം.

മുറിവുകൾ കുറവുകളല്ല

അവൻ പറഞ്ഞത് നിങ്ങൾക്ക് സമാധാനം എന്നാണ്. എന്നാൽ അവൻ കാണിച്ചത് സ്വന്തം കൈകളും പാർശ്വവുമാണ്. വാചികഭാഷയും ശരീരഭാഷയും ചേർന്ന് വായിക്കുമ്പോഴാണ് അർഥം പൂർണ്ണമാകുന്നത്. ആഴമേറിയ മുറിവുകൾ അടയാളമാക്കിയാണ് അവൻ സമാധാനം ആശംസിച്ചത്. ഏറ്റെടുത്ത മുറിവുകൾ കാട്ടിയാണ് സമാധാനം കൈമാറേണ്ടത്. മുറിവുകൾ തന്നെയാണ് ഔഷധം എന്ന തിരിച്ചറിവ് ക്രിസ്തീയ ധർമ്മമാണ്. ഉത്ഥിതന്റെ ഐഡന്റിറ്റിയായി മുറിവുകൾ മാറ്റപ്പെട്ടതിനാൽ തന്നെയാണ്, ശിഷ്യരുടെ വർണ്ണന കേട്ട തോമസ് തനിക്കും അതു കാണണമെന്ന് ആഗ്രഹിച്ചത്. അവനെ കാണണം എന്നതിലുപരി ആ മുറിവുകൾ കാണണം എന്നത് മുറിവുകളെ മഹത്വമുള്ളതാക്കി മാറ്റുന്നു. ക്രിസ്തുത്വം വഹിക്കുന്ന നമുക്ക് സാക്ഷ്യപ്പെടുത്താൻ യോഗ്യമായ മുറിവുകളാണോ, അതോ അന്യരെ മുറിപ്പെടുത്തിയ വകയിൽ കിട്ടിയ മുറിവുകളാണോ ഉള്ളത് എന്ന ഒരു ഓഡിറ്റിങ് ഉത്ഥിതൻ ഓർമ്മിപ്പിക്കുന്നുണ്ട്. മുറവുകളോടെ തന്നെ ഉത്ഥിതനായവൻ പറയുന്നു - മുറിവുകൾ കുറവുകളല്ല, പുനരുജ്ജീവനത്തിന്റെ ഔഷധങ്ങളാണ്.

വിളിയിലൂടെ വിജയം

മഗ്ദലനമറിയത്തിന് പ്രത്യക്ഷപ്പെട്ടവൻ, ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ടവൻ വീണ്ടും തോമസിനു വേണ്ടി പ്രത്യക്ഷനാകുന്നു. കണ്ടവർ പറഞ്ഞതൊക്കെ കേട്ടു വിശ്വസിക്കാതിരുന്ന തോമസിനെതിരേ ആരും വിരൽ ചൂണ്ടുന്നില്ല. പറഞ്ഞതങ്ങു വിശ്വസിച്ചാൽ മതിയെന്ന ഭൂരിപക്ഷക്കാരുടെ പോർവിളി ഉയർത്തുന്നില്ല. കർത്താവാകട്ടെ തോമസിന് ഒട്ടും അപമാനമുണ്ടാക്കുന്നില്ല. പകരം കരുണാപൂർവ്വം ക്ഷണിക്കുന്നു. വരൂ, ആഗ്രഹം സാധിക്കൂ എന്ന വിളിയാണ് തോമസിന്റെ വിശ്വാസപ്രഖ്യാപനത്തിന്റെ അടിസ്ഥാനം. അനുരഞ്ജനത്തിന്റെ വിളികളിലൂടെ മാത്രമാണ് ഒരു ഹൃദയവും ഒരാത്മാവുമായി വിശ്വാസികൾക്ക് മുന്നേറാനാകുന്നത്.(ശ്ലീഹ.4:32). ചിലപ്പോഴൊക്കെ ചിലർ അഭിപ്രായവ്യത്യാസങ്ങൾ പ്രകടിപ്പിച്ചേക്കാം. പോകൂ എന്നല്ല, വരൂ എന്ന് വിളിക്കാൻ 'കൃപാവരത്തിന്റെ സമ്പത്തുള്ള' ചിലരെങ്കിലും വേണം.

പറമ്പും വീടും വിറ്റ് സ്വത്തു പങ്കുവച്ച് വിശ്വാസികളുടെ കൂട്ടായ്മ ഉണ്ടാക്കണം എന്നത് ആവശ്യമില്ലാത്ത കാലത്ത്, വിശ്വാസികളെ വിറ്റ് കൂട്ടായ്മ തകർക്കപ്പെടുന്ന ചില സാഹചര്യങ്ങൾ ഉണ്ടാകുന്നു എന്നത് സഭ നേരിടുന്ന വെല്ലുവിളിയാണ്. അടുത്തേക്ക് വിളിക്കാൻ ധാർമ്മികധൈര്യം വേണം. അടുത്തു വന്നാലോ പങ്കുവയ്ക്കാൻ കറയില്ലാത്ത കൈകളും കലർപ്പില്ലാത്ത ഒരു പാർശ്വവും വേണം.

അന്ധവിശ്വാസമല്ല അനുഭവാധിഷ്ഠിത വിശ്വാസം

ഫസ്റ്റ് ഹാൻഡ് എക്സ്പീരിയൻസ് ആണ് പഠനത്തിന് ഏറ്റവും അനിവാര്യം എന്നാണ് മനശാസ്ത്രം പറയുന്നത്. ഇന്ദ്രിയങ്ങൾക്ക് നേരിട്ട് അനുഭവവേദ്യമാകുന്ന കാര്യങ്ങൾ വൈകാരികതലത്തിലും ബൗദ്ധികതലത്തിലും രൂപാന്തരമുണ്ടാക്കും. തോമസിന്റെ ഹാൻഡ് എക്സ്പീരിയൻസ് ആണ് ഫസ്റ്റ് ഹാൻഡ് എക്സ്പീരിയസ് എന്നതിന്റെ മനോഹരമായ പര്യായം. വിരലും കൈകളും ചേർന്നുനൽകിയ ആ അനുഭവമാണ് സർവ്വപരിഭ്രമങ്ങളും മാറ്റി, സത്യബോധ്യത്തിലെത്താൻ തോമസിനെ പ്രാപ്തനാക്കിയത്. നേരിട്ടു കണ്ടു ബോധ്യപ്പെട്ട ശിഷ്യർ എട്ടു ദിവസങ്ങൾ കഴിഞ്ഞ് വീണ്ടും കതകടച്ചിരുന്നത് ഉറപ്പില്ലാത്ത വിശ്വാസത്താൽ അവർ സന്ദേഹികളായിരുന്നതിനാലാണല്ലോ?

കേൾവിയാകണമെന്നില്ല കാഴ്ച; കാഴ്ചയാകണമെന്നില്ല സ്പർശം; നേരനുഭവങ്ങളിലൂടെ സത്യങ്ങൾ ബോധ്യമാകുമ്പോഴാണ് വിശ്വാസം ഉറപ്പുള്ളതാകുന്നത്.

മുൾച്ചെടിക്കുപകരം സരളവൃക്ഷവും കാരയ്ക്കുപകരം സൗഗന്ധികവും മുളയ്ക്കണമെങ്കിൽ അനുഭവാധിഷ്ഠിത വിശ്വാസത്തിന്റെ ഔന്നത്യമുള്ള ചിന്തകളും വഴികളും നമുക്കുണ്ടാകണം.(ഏശയ്യാ 55: 9 -13)

കാണുന്നതെങ്ങനെ വിശ്വസിക്കും?

കാൽ നൂറ്റാണ്ടു മുമ്പ് ഒരു പിതാവിനെയും രണ്ടു മക്കളെയും സുവിശേഷപ്രഘോഷകരായതിനാൽ ചുട്ടുകൊന്നു. ഗ്രഹാം സ്റ്റെയിൻസ് എന്ന

മിഷനറിയുടെ ഘാതകരിലൊരാളായ മഹേന്ദ്ര ഹെംബ്രാം ഒരാഴ്ചമുമ്പ് ഒഡീഷയിൽ ജയിലിൽ നിന്നും പുറത്തു വന്നപ്പോൾ പുഷ്പഹാരമണിയിച്ച് സ്വീകരിക്കുന്നത് നാം കണ്ട കാഴ്ച യാണ്. കണ്ണു ചോദിക്കുന്നു - ജ്വാലയാ ക്കി, ചാരമാക്കിയതിന് മാലയും ആരവ വും ഉറപ്പായ കാലത്ത് കാഴ്ചയ്ക്ക പ്പുറത്ത് മറ്റു ചിലതുകൂടി കാണുന്നില്ലേ? ഒന്നു നോക്കിയാൽ പോലും ചങ്കു പിടയ്ക്കുന്ന പഹൽഗാം കാഴ്ചകൾ കണ്ണീരാൽ മങ്ങലാകുന്നു.

ഇതൊക്കെ ചില പുറം കാഴ്ചകൾ

അകത്ത് വീട്ടിലും, വിദ്യാലയങ്ങ ളിലും, ആരാധനാലയങ്ങളിലും ഒരിക്കലും കാണാൻ പാടില്ലാത്ത ചില കാഴ്ചകൾ റീലുകളുടെ പ്രവാഹമായി കൈവെള്ളയിലിരിക്കുന്ന ഫോണിൽ തിമിർത്തു തുള്ളുമ്പോൾ ആണിയ ടിയ്ക്കപ്പെടുന്ന വേദന തോന്നിയി ല്ലെങ്കിലും, ഉറുമ്പുകടിക്കുന്ന നൊമ്പരമെങ്കിലും വിശ്വാസിക്ക് തോന്നേണ്ടതാണ് .

കാണാതെ വിശ്വസിക്കുന്ന ഭാഗ്യവാൻമാരാകാൻ ശ്രമിക്കുന്ന നമ്മുക്ക് കാണുന്നവ പലതും വിശ്വസി ക്കാനാകാത്ത ദൗർഭാഗ്യകാലമാണിത്. വിളിക്കാൻ എന്റെ കർത്താവേ എന്റെ ദൈവമേ എന്നല്ലാതെ മറ്റെന്തെങ്കിലുമുണ്ടോ!

ആ വിളിക്ക് അവൻ കാണിച്ചു തരുന്ന കാഴ്ച ഒന്നേയുള്ളൂ- കൈകളും പിന്നെ പാർശ്വവും.

ഞാൻ ചോദിക്കുന്നു 'മുൾച്ചെടി ക്കു പകരം സരളവൃക്ഷവും കാരയ്ക്കു പകരം സൗഗന്ധികവും മുളയ്ക്കുന്ന ഒരു പുതു ദിനം വരുമോ?'

അവൻ പറയുന്നു, 'അവിശ്വാസി ആകാതിരിക്കൂ....'

ആ പുതു ഞായർ ഇന്നു തന്നെയാണ്. നിന്റെ ദൗത്യം തുടരുക, ജീവന്റെ ഉറവയായി ഞാൻ കൂടെ യൊഴുകാം..

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com